നം: എച്ച്1 -12450/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 23.07.2015.

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - കാഴ്ച വൈകല്യമുള്ള അമ്മ മാർക്ക് പ്രസവാനന്തരം ധനസഹായം - മാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്:

സൂചന :- സ.ഉ( ആർ റ്റി) 380/15/സാ.നീ.വ തീയതി 17.6.2015.

### കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

അംഗപരിമിതരുടെ വിവിധ ആവശ്യങ്ങൾ പരിഗണിച്ച് നൂതനമായ ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സാമൂഹ്യ നീതി വകുപ്പ് പ്രത്യേകം ശ്രദ്ധ പതിപ്പിച്ച് വരികയാണ്. ആയതിന്റെ ഭാഗമായി കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം അവരുടെ കുഞ്ഞിന്റെ സംരക്ഷണത്തിനും പരിചരണത്തിനുമായി പ്രതിമാസം 2000/-രൂപ ധനസഹായം നൽകുന്ന ഒരു പുതിയ പദ്ധതി നടപ്പു സാമ്പത്തിക വർഷം സാമൂഹ്യ നീതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രാരംഭമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം നടപ്പു സാമ്പത്തിക വർഷം ഒരു ഗുണഭോക്താവിന് പ്രതിമാസം 2000/- രൂപ ക്രമത്തിൽ ധനസഹായം അനുവദിക്കുന്നതാണ്. ഇതിനായുള്ള അപേക്ഷകർ 1 ലക്ഷത്തിനു താഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം. അർഹരായവർ വെള്ള പേപ്പറിൽ ഇതിനുള്ള അപേക്ഷ പ്രസവാനന്തരം ആശുപത്രിയിൽ നിന്നും വിടുതൽ ചെയ്ത് ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ചുവടെപ്പറയുന്ന രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്. ടി ആനുകൂല്യം പരമാവധി 2 വർഷക്കാലം അനുവദിക്കുന്നു.

1) വരുമാനം തെളിയിക്കുന്ന രേഖ.
2) വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്
3) ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ്

ശിശു വികസന പദ്ധതി ഓഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹത സർട്ടിഫിക്കറ്റ് സഹിതം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകേണ്ടതും ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ തുക അനുവദിക്കേണ്ടതും ആവശ്യമായ ഫണ്ടിനായി സാമൂഹ്യ നീതി ഡയറക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

1) എല്ലാ കീഴ്കാര്യാലയങ്ങൾക്കും.
2) അഡീഷണൽ ഡയറക്ടർ
3) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ഫിനാസ് ഓഫീസർ
4) ഡയറക്ടറുടെ സി.എ
5) സ്റ്റോക്ക് ഫയൽ/സ്പെയർ

PS/